**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 402** **23-07-2021 - ൽ മറുപടിയ്ക്ക്**

**ക്ഷേത്രകല അക്കാദമിക്ക് ആസ്ഥാന മന്ദിരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | മലബാർ ദേവസ്വം ബോർഡിന് കീഴിൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായിക്കാവിൽ പ്രവർത്തിക്കുന്ന ക്ഷേത്രകല അക്കാദമിക്ക് സ്വന്തമായി ആസ്ഥാനമന്ദിരം നിർമ്മിക്കുവാൻ സ്ഥലം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (എ) | മലബാർ ദേവസ്വം ബോർഡിന് കീഴിൽ മാടായി തിരുവർക്കാട്ട്കാവ് ദേവസ്വം വക ഭൂമിയിൽ പ്രവർത്തിക്കുന്ന ക്ഷേത്ര കലാ അക്കാദമിയ്ക്ക് ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ടി ദേവസ്വം വക 1/2 ഏക്കർ ഭൂമി പാട്ടത്തിന് നൽകുന്നതുമായി ബന്ധപ്പെട്ട്, ഹിന്ദുമത ധർമ്മ സ്ഥാപന നിയമം സെക്ഷൻ 29 പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഭൂമി പാട്ടത്തിന് കൈമാറുന്നതുമായി ബന്ധപ്പെട്ട്, പൊതു ജനങ്ങൾക്കുള്ള ആക്ഷേപാഭിപ്രായങ്ങൾ ക്ഷണിച്ച് നോട്ടീസ് പുറപ്പെടുവിക്കുകയും ആയതു പ്രകാരം ലഭിച്ചിട്ടുള്ള ആക്ഷേപാഭിപ്രായങ്ങളുടെ മേൽ വിചാരണ നടന്നു വരികയുമാണ്. |

സെക്ഷൻ ഓഫീസർ